പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ പൂർത്തീകരണത്തോടെ ചേരാനല്ലൂരും തൃപ്പൂണിത്തുറയിലും കൊച്ചി കോർപ്പറേഷന്റെ കിഴക്കൻ ഭാഗങ്ങളിലുമുള്ള ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാകുന്നതാണ്. കൂടാതെ, ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ആമ്പല്ലൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള ജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാകും.

(8) ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടി കോഴിക്കോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എം. ദാസൻ : സർ, കോഴിക്കോട് നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതി കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്നതിന് നേരത്തെ പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. ഈ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് കാലം കുറെയായി. എന്താണ് ഈ പദ്ധതിയുടെ അവസ്ഥയെന്ന് മനസ്സിലാകുന്നില്ല. കോഴിക്കോട് നഗരത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവിടത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് അടിയന്തിരമായി ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടുകൂടിയുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, 25-2-1997-ൽ കേന്ദ്ര സർക്കാരും ഒ.ഇ.സി.എഫ്.ഉം (ഇപ്പോൾ ജെ.പി.ഐ.സി) തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 5 പദ്ധതികളിൽ ഒന്നാണ് കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. 5 പദ്ധതികൾക്കുമുള്ള മൊത്തം മതിപ്പ് ചെലവ് 1787.45 കോടി രൂപയാണ്. കരാറനുസരിച്ച് 382.07 കോടി രൂപ കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടത്തിലായി ലഭിക്കും. കരാർ പ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ വായ്പ ലഭിച്ചു തുടങ്ങിയിട്ടില്ല. പദ്ധതി 2003 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കോഴിക്കോട് നഗരത്തിനും സമീപത്തുള്ള 16 ഗ്രാമങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഈ പ്രദേശങ്ങളിലെ 10 ലക്ഷത്തോളം പേർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഉറവിടം കുറ്റ്യാടി പുഴയിലുള്ള പെരുവണ്ണാമൂഴി ജലസംഭരണിയാണ്. പ്രതിദിനം 144 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുവാൻ കഴിവുള്ള ശുദ്ധീകരണശാലയാണ് നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള കോഴിക്കോട് പദ്ധതിയുടെ പുനരുദ്ധാരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിഏറ്റെടുക്കുന്ന പ്രവൃത്തികൾ 80 ശതമാനം പൂർത്തിയായി. ഇതിനുവേണ്ടി ഇതുവരെ 1550 ലക്ഷം രൂപ കോഴിക്കോട് ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട്.പുതിയതായി ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്നതായിരിക്കും ഉചിതമെന്ന സർക്കാർ തീരുമാനത്തിന് ഒ.ഇ.സി.എഫ്.ന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പിന് കത്തയച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി ലഭിച്ചിട്ടില്ല.

(9) വിശ്വകർമ്മജർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ 43 ലക്ഷം വരുന്ന വിശ്വകർമ്മജരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള വിശ്വകർമ്മ മഹാസഭയുടെ നേതൃത്വവും അതോടൊപ്പം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിശ്വകർമ്മ പ്രവർത്തക സമിതിയും ചേർന്ന് തയ്യാറാക്കിയ നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും തൊഴിൽവകുപ്പുമന്ത്രിക്കും സമർപ്പിക്കുകയുണ്ടായി. നിവേദനത്തിലൂടെ മുഖ്യമായും ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ്. വിശ്വകർമ്മജർക്ക് പ്രത്യേകമായി ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നും വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കണമെന്നുള്ള ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഭാരതത്തിലെ അടിസ്ഥാന പരമ്പരാഗത തൊഴിൽ വിഭാഗം വിശ്വകർമ്മജ സമൂഹമാണ്. ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനുമേൽ തീരുമാനം കൈക്കൊള്ളുവേ പരമ്പരാഗത കൈത്തൊഴിലുകളായ ബ്ലാക്ക്സ്മിത്ത്, ഗോൾഡ് സ്മിത്ത്, കാർപെന്റർ, മേസൺ, കോപ്പർസ്മിത്ത് എന്നിവരുടെ സമുദായത്തിൽ മേൽത്തട്ടില്ലെന്ന് സർക്കാർ ഉത്തരവുണ്ടായ സാഹചര്യത്തിൽ ഈ തൊഴിൽ വിഭാഗങ്ങൾ പ്രതിനിധീകരിക്കുന്ന വിശ്വകർമ്മ സമുദായം പരമ്പരാഗത കൈത്തൊഴിൽ വിഭാഗമായി പ്രഖ്യാപിക്കുക എന്നുള്ളത് തികച്ചും ന്യായമായ ആവശ്യമാണ്. അതുപോലെതന്നെ അത്യന്താപേക്ഷിതമാണ് ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള ആവശ്യവും. 60 വയസ്സു കഴിഞ്ഞ കർഷകത്തൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കും ചെത്തു തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും വാർദ്ധക്യകാല പെൻഷനുൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതു പോലെ അസംഘടിത പരമ്പരാഗത തൊഴിലാളികൾക്കു വേണ്ടിയും പ്രത്യേകമായി ക്ഷേമപദ്ധതി രൂപീകരിക്കണമെന്നാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളത്. നിലവിലുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ സ്വർണ്ണപ്പണിക്കാർ, ചെമ്പുപണിക്കാർ എന്നിവർക്ക് പരിരക്ഷ നൽകിയിട്ടില്ല. നിലവിലുള്ള ക്ഷേമനിധിയിൽ നിന്നും പരമ്പരാഗത തൊഴിലാളികൾക്കർഹമായ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം പരിഗണിച്ചുകൊണ്ട് വിശ്വകർമ്മജർ ഉൾപ്പെടെയുള്ള പരമ്പരാഗത കൈത്തൊഴിൽകാരുടെ പ്രശ്നപരിഹാരത്തിനുവേണ്ടി പ്രത്യേകമായി ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള ആവശ്യവും ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly